9 -ാം വർഷം
2026
ആഗസ്റ്റ് 23, 2026
കൈത്താ 7-ാം ഞായർ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



# സ്വർഗത്തിലെ സിബിൽ സ്കോർ

ഉത്പത്തി 6:13-22, ജറമിയ 32:36-41, യാക്കോബ് 4:1-10, മത്തായി 6:19-24

സുഹൃദ് സദസ്സിൽ രാഷ്ട്രീയത്തിലെ കുതിരക്കച്ചവടത്തെ കുറിച്ചായിരുന്നു ചർച്ച. ജനങ്ങളുടെ വിശ്വാസം ആർജിച്ച് ജയിച്ചശേഷം അവരെ വഞ്ചിച്ച് പണം വാങ്ങി മറുകണ്ടം ചാടുന്ന വരെ വെടിവെച്ചു കൊല്ലണമെന്ന് ഞാൻ ശക്തമായി വാദിച്ചു. അപ്പോൾ സുഹൃത്ത് എന്നോട് ചോദിച്ചു, നിങ്ങൾ ഏതെങ്കിലും ഒരു മുന്നണിയുടെ പിന്തുണയിൽ സ്വതന്ത്രനായി ജയിച്ച് എം.എൽ.എ ആയി എന്ന് കരുതുക. നിങ്ങളെ പിന്തുണച്ച മുന്നണിക്ക് നിസ്സാര സീറ്റ് മാത്രമാണ് കിട്ടിയത്. മറുപക്ഷം അധികാരം ബലപ്പെടുത്താൻ നിങ്ങളുടെ പിന്തുണ തേടിക്കൊണ്ട് ഒരു അഞ്ചു കോടി രൂപ വാഗ്ദാനം ചെയ്താൽ നിങ്ങൾ എന്തു ചെയ്യും? 'എന്താ സംശയം? ഞാൻ വഴങ്ങില്ല....' മറുപടിക്ക് ഒട്ടും കാലതാമസം ഉണ്ടായില്ല. അത് പ്രതീക്ഷിച്ചിരുന്നതുപോലെ സുഹൃത്ത് അടുത്ത ചോദ്യമെറിഞ്ഞു, അവർ ഒരു പത്തു കോടി തരാമെന്ന് പറഞ്ഞാലോ..? ഞാൻ ഉറച്ച ശബ്ദത്തിൽ പറഞ്ഞു, അങ്ങനെ എന്നെ വിലയ്ക്കെടുക്കാൻ ആവില്ല. എൻറെ മുഖത്ത് കണ്ണുകൾ ഉറപ്പിച്ചുകൊണ്ടായിരുന്നു അടുത്ത ചോദ്യം, അവർ നിങ്ങൾക്ക് 100 കോടി രൂപ വാഗ്ദാനം ചെയ്താൽ നിങ്ങൾ എന്ത് ചെയ്യും? ആ നിമിഷം, മറുപടി എന്റെ തൊണ്ടയിൽ തടഞ്ഞു. ജീവിതത്തിൽ ഒരു കോടി രൂപ തികച്ച് കണ്ടിട്ടില്ല... ഇപ്പോൾ ഇതാ 100 കോടി രൂപയുടെ ഓഫർ.... മറുപടി പറയാൻ ഞാൻ വിമ്മിഷ്ടപ്പെടുമ്പോൾ ചങ്ങാതി പറഞ്ഞു, ഇതാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ



ജിജോ സിറിയക്

ചിന്തിക്കുന്നതിനപ്പുറമുള്ള പ്രലോഭനങ്ങളാണ് രാഷ്ട്രീയരംഗത്തുള്ളത്. അതിനെ അതിജീവിക്കാൻ സാധാരണ ആശയ ദാർഢ്യം മാത്രം പോരാ. ശരിക്കും ഞാൻ തളർന്നു പോയെന്നു വേണം പറയാൻ... കർത്താവിനെ തള്ളിപ്പറഞ്ഞ പത്രോസിനെ പോലെ എന്റെ നെഞ്ചകം തേങ്ങി.

പ്രിയപ്പെട്ടവരെ ഈ ചോദ്യം ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്കുകയാണ്. ഞാൻ പ്രലോഭനത്തിന് മുന്നിൽ പതറി പോയവനാണ്, ഇങ്ങനെ ഒരു ഓഫർ നിങ്ങളുടെ മുന്നിൽ വന്നാൽ നിങ്ങൾ എന്ത് ചെയ്യും...? സത്യസന്ധമായ ഒരു മറുപടി നിങ്ങൾ നിങ്ങളോട് തന്നെ പറയുക. പ്രലോഭനങ്ങളെ സധൈര്യം അതിജീവിച്ച ഈശോ തമ്പുരാൻ നമ്മളെ ശക്തിപ്പെടുത്തട്ടെ.

സമ്പത്ത് ആർജ്ജിക്കുന്നതാണ് ജീവിതത്തിൻറെ പരമമായ ലക്ഷ്യമെന്ന് ചിന്തിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. സമ്പത്തുണ്ടെങ്കിൽ സന്തോഷവും സമാധാനവും സൗഭാഗ്യവും കൂടെ പോരും എന്നുള്ള ഒരു മിഥ്യാധാരണയിലാണ് നമ്മുടെ ജീവിതം. പലപ്പോഴും ഒരാളുടെ ജീവിത വിജയം ആളക്കുന്നതിൽ അയാൾ ആർജിച്ച സമ്പത്തിന് ആവശ്യത്തിലധികം പ്രാധാന്യം നൽകുന്ന കാലമാണിത്. ആത്മഹത്യകൾ പെരുകിവരുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത് . ഇങ്ങനെ ജീവിതത്തോട് ടാറ്റാ പറഞ്ഞു പോകുന്നവരിൽ ഭൂരിഭാഗവും ഭേദപ്പെട്ട സാമ്പത്തിക ചുറ്റുപാടുള്ളവരാണ്. അർദ്ധപ്പട്ടിണിക്കാർ അപൂർവ്വമായിട്ട് മാത്രമാണ് ജീവനൊടുക്കുന്നതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സമ്പത്തിനോടുള്ള ആർത്തിയും, അത് ആർജ്ജിക്കാൻ വേണ്ടിയുള്ള വഴിവിട്ട ജീവിതങ്ങളുമൊക്കെയാണ് പലരെയും മരണത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നത്.

## സിബിൽ സ്കോർ

ഇക്കാലത്ത് സാമ്പത്തിക ആവശ്യങ്ങൾക്ക് ബാങ്കുകളെ സമീപിക്കുമ്പോൾ നമ്മുടെ സിബിൽ സ്കോർ പരമ പ്രധാനമാണ്. ബാങ്കുകൾ നമുക്ക് നൽകുന്ന സേവനങ്ങളും അതിൻറെ നിരക്കുകളും ഒക്കെ നിശ്ചയിക്കുന്നത് ഈ സിബിൽ സ്കോറിന്റെ വെളിച്ചത്തിലാണ്. നമുക്ക് എത്ര നിക്ഷേപമുണ്ട്, എത്ര കടമുണ്ട്, നമ്മൾ കൃത്യമായി ധന വിനിയോഗം നടത്തുന്നുണ്ടോ, തിരിച്ചടവുകൾ കൃത്യമാണോ തുടങ്ങിയ കാര്യങ്ങളെല്ലാം വിശകലനം ചെയ്താണ് ഈ സിബിൽ സ്കോർ നിശ്ചയിക്കുന്നത്.



പരമാവധി 900 ആണ് സ്കോർ. 800-750 വരെയൊക്കെ ഉള്ളവരെ മികച്ച സിബിൽ സ്കോർ ഉള്ളവരായിട്ടാണ് പൊതുവേ പരിഗണിക്കുന്നത്. 800-ന് മുകളിൽ സ്കോർ ഉണ്ടെങ്കിൽ നിങ്ങൾക്ക് ഒരുപക്ഷേ സമാധാനമായി വീട്ടിൽ ഇരിക്കാൻ പോലും പറ്റിയെന്നുവരില്ല.

ബാങ്കുകൾ ലോൺ നൽകാനും ക്രെഡിറ്റ് കാർഡ് നൽകാനും മറ്റ് ഓഫറുകൾക്കുമായി നിരന്തരം നിങ്ങളെ വിളിച്ചു കൊണ്ടിരിക്കും.
അതേസമയം ഒരു 600-ൽ താഴെ ഒക്കെയാണ് സിബിൽ സ്കോറെങ്കിൽ ബാങ്കുകൾ നമ്മളെ അകറ്റി നിർത്തും. സേവനങ്ങൾ കഴിവതും തരാതെ നോക്കും. നൽകുന്ന സേവനങ്ങൾക്ക് ഉയർന്ന നിരക്കുകൾ ഈടാക്കും.
നിങ്ങളുടെ നിക്ഷേപവും വരുമാനവും, നിങ്ങളുടെ കടവും മറ്റ് ബാധ്യതകളും ഒക്കെ തുലനം ചെയ്താണ് സിബിൽ സ്കോർ നിശ്ചയിക്കുന്നത്.

ഇതുപോലെ ദൈവത്തിന്റെ മുന്നിലും നമുക്കൊരു സിബിൽ സ്കോറുണ്ട്. ദൈവരാജ്യത്തിൽ നിങ്ങളുടെ സിബിൽ സ്കോർ എത്രയാണ്? നിങ്ങൾ അവിടെ പ്രവേശനത്തിനായി എത്ര നിക്ഷേപിച്ചിട്ടുണ്ട്, എത്ര ബാധ്യതകളാണ് നിങ്ങൾക്കുള്ളത്? ദൈവത്തിന്റെ ദാനങ്ങൾക്കും കരുതലിനും നമ്മളെ അർഹരാക്കുന്നത് ഈ സ്കോറാണ്.
ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വർഗരാജ്യത്തിലെ സിബിൽ സ്കോർ നഷ്ടപ്പെട്ടാൽ എന്ത് പ്രയോജനം?
സ്വന്തം ആത്മാവിനെ പിശാചിനു വിട്ടുകൊടുത്ത് ശക്തിയും ധനവും ഐശ്വര്യങ്ങളും ആർജ്ജിക്കുവാൻ ശ്രമിച്ചവരുടെ കഥകൾ നമ്മൾ വായിച്ചിട്ടുണ്ട്. നൈമിഷിക സുഖങ്ങൾക്ക് വേണ്ടി എല്ലാം മറന്ന്

സ്വത്താർജിക്കാൻ മുന്നിട്ടിറങ്ങിയാൽ നമ്മുടെ ആത്മാവിന് എന്ത് സംഭവിക്കുന്നു എന്ന് നമ്മൾ ആലോചിക്കണം.

നമ്മുടെ രാജ്യത്തെ ബാങ്കുകളിൽ ആയിരക്കണക്കിന് കോടി രൂപയാണ് അവകാശികൾ ഇല്ലാത്ത നിക്ഷേപമായി കിടക്കുന്നത്. അതേസമയം പട്ടിണിയും പരിവട്ടവുമായി ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പറ്റാതെ നട്ടം തിരിയുന്ന ലക്ഷക്കണക്കിന് പാവങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ദൈവത്തിനു വേണ്ടി, ദൈവരാജ്യത്തിന് വേണ്ടി നമുക്ക് എന്ത് നിക്ഷേപിക്കുവാൻ കഴിഞ്ഞു എന്നൊരു പര്യാലോചന നന്നായിരിക്കും. നമ്മുടെ നന്മകൾ, നമ്മുടെ സ്നേഹം, നമ്മുടെ സമയം, നമ്മുടെ കരുതൽ, നമ്മുടെ പരിഗണന ഇതെല്ലാം നമ്മൾ എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത്? കേവലം സാമ്പത്തിക നിക്ഷേപത്തിന് അപ്പുറം അപരന്റെ ഹൃദയത്തിൽ നമ്മൾ നമ്മളെ എങ്ങനെ നിക്ഷേപിച്ചിരിക്കുന്നു എന്നതിനെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? എന്നെക്കുറിച്ച് ദൈവം എന്ത് ചിന്തിക്കുന്നു? എന്നെക്കുറിച്ച് യഥാർത്ഥത്തിൽ ഞാൻ എന്ത് ചിന്തിക്കുന്നു? യഥാർത്ഥത്തിൽ ഞാൻ ധനവാൻ ആണോ? ധനവാന്റെയും ലാസറിന്റെയും കഥ ഓർമ്മ വരുന്നുണ്ടാകും. ആരായിരുന്നു യഥാർത്ഥത്തിൽ അവിടെ ധനവാൻ?

എന്റെ ജീവിതപങ്കാളിയിൽ, മക്കളിൽ, സഹോദരങ്ങളിൽ, മാതാപിതാക്കളിൽ, അയൽക്കാരിൽ, ചുറ്റുമുള്ള സമൂഹത്തിൽ എന്ത് നിക്ഷേപമാണ് ഞാൻ നടത്തിയിട്ടുള്ളത്? എന്റെ സ്വാർത്ഥതയുടെയും, എന്റെ മാത്രമായ സുഖങ്ങളുടെയും സന്തോഷങ്ങളുടെയും കുതിരപ്പുറത്ത് പായുമ്പോൾ ഏതെങ്കിലും ഒരു നിമിഷം അതിൽ നിന്ന് തെറിച്ച് താഴെ വീഴും എന്ന തിരിച്ചറിവ് നമുക്കുണ്ടോ? നാണംകെട്ടും ധനം സമ്പാദിച്ചാൽ ആ നാണക്കേട് ധനം മാറ്റും എന്ന പഴഞ്ചൊല്ല് കുടയായി പിടിച്ചാണ് നമ്മിൽ പലരുടെയും ജീവിതം.

## തന്നെ തന്നെ ശൂന്യനാക്കിയ ക്രിസ്തു

തന്നെത്തന്നെ ശൂന്യനാക്കി കൊണ്ടാണ് ക്രിസ്തു തന്റെ രക്ഷാ ദൗത്യം പൂർത്തിയാക്കിയത്. ദൈവപുത്രനായിരുന്നിട്ടും ദൈവത്തോടുള്ള സമ്മാനത നിലനിർത്താതെ, മണ്ണിൽ സാധാരണ മനുഷ്യനായി പിറന്നു വളർന്നു. തലചായ്ക്കാൻ ഇടമില്ലാതെ കുരിശിൽ മരിച്ചപ്പോഴാണ് അവിടുന്ന് രക്ഷകനായി മാറുന്നത്. നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുവാൻ ക്രിസ്തു ആഹ്വാനം



ചെയ്തതിന്റെ പൊരുൾ കൂടി ഈ നിമിഷം ചേർത്തുവയ്ക്കണം. സമ്പത്തിനും സുഖസൗകര്യങ്ങൾക്കും വേണ്ടിയുള്ള പ്രലോഭനങ്ങൾ പിശാചിന്റെ രൂപത്തിൽ അവതരിച്ചപ്പോൾ എങ്ങനെ ക്രിസ്തു അതിനെ തരണം ചെയ്തു എന്ന് വേദപുസ്തകം പറയുന്നുണ്ട്. ലോകമോഹങ്ങളെ, ധനാസക്തികളെ ആട്ടിയകറ്റുവാൻ നമുക്ക് കഴിയുമെന്നുണ്ടോ? അതോ 100 കോടി വിലയിട്ടാൽ ആദർശവാക്യങ്ങൾ തൊണ്ടയിൽ കുടുങ്ങുമോ? ഒരു ആത്മവിചിന്തനം അനിവാര്യമാണ്. വ്യക്തികൾ മാത്രമല്ല, സഭയും സ്ഥാപനങ്ങളുമെല്ലാം ക്രിസ്തുവിന്റെ പേരിൽ സമ്പത്ത് സ്വരുക്കൂട്ടാനാണ് ശ്രമിക്കുന്നത്. ആകാശത്തിനും ഭൂമിക്കും നടുവിൽ മൂന്നാണികളിൽ തറയ്ക്കപ്പെട്ടവന് എന്തിനാണ് സ്വത്ത്? ക്രിസ്തുവാണ് യഥാർത്ഥ സ്വത്ത് എന്ന തിരിച്ചറിവാണ് ഇവിടെ വേണ്ടത്. ക്രിസ്തുവിനെ സ്വരൂപിക്കുക, ക്രിസ്തുവിനെ വ്യയം ചെയ്യുക.

## യഥാർത്ഥ സമ്പത്ത്

യഥാർത്ഥത്തിൽ നമ്മൾ എത്ര സമ്പന്നനാണ്? എന്താണ് നമ്മുടെ ആത്മാവിൻറെ അവസ്ഥ? സ്വത്തെല്ലാം സ്വരൂപിച്ച് സുഖഭോഗങ്ങളിൽ ജീവിക്കാൻ പ്ലാനിട്ട ധനികനോട് ദൈവം പറയുന്നു, ഞാൻ ഇന്ന് നിന്റെ ആത്മാവിനെ കൂട്ടിക്കൊണ്ടു പോകുമ്പോൾ, നീ ആർജിച്ച സ്വത്ത് എന്ത് ഫലം ചെയ്യും? പ്രിയപ്പെട്ടവരെ, ഇന്ന് ഈ നിമിഷം അല്ലെങ്കിൽ ഈ രാത്രി നമ്മുടെ ആത്മാവിനെ ദൈവം കൂട്ടിക്കൊണ്ടുപോകാൻ വന്നാൽ എന്തായിരിക്കും അതിൻറെ അവസ്ഥ? എത്രയാകും ദൈവം അതിന് നൽകുന്ന റേറ്റിംഗ്? സ്വർഗ്ഗത്തിൽ നമ്മുടെ സിബിൽ സ്കോർ എത്രയാണ് ? എത്രയാണ് നമ്മുടെ നിക്ഷേപം? സത്യസന്ധമായി ഒരു ആത്മവിചിന്തനം നിങ്ങൾ

നടത്തിനോക്കുക. സന്തോഷത്തിനും സമാധാനത്തിനും, എന്തിന് ഹൃദയം തുറന്നുള്ള ഒരു പുഞ്ചിരിക്ക് പോലും നമുക്ക് വിലയിടാനാവില്ല. ഇവയൊന്നും പണം കൊടുത്ത് വാങ്ങാനാവില്ലെന്ന തിരിച്ചറിവ് പരമപ്രധാനമാണ്.

## ധനസമ്പാദനം തെറ്റോ?

സത്യസന്ധമായി ധനമാർജിക്കുന്നത് ഒരു തെറ്റല്ല. നെറ്റിയിലെ വിയർപ്പു കൊണ്ടു വേണം ജീവിക്കുവാൻ. പക്ഷെ ജീവിക്കാനായി സ്വത്ത് ആർജിക്കുന്നതിന് പകരം സ്വത്താർ ജിക്കാൻ മാത്രമായി ജീവിക്കുമ്പോ ഴാണ് അതൊരു തിന്മയാകുന്നത്. ജീവിതത്തിന്റെ അനന്തമായ സ്വാധ്യതകൾ അതോടെ നഷ്ടമാകും. പ്രകൃതിയും ഈശ്വരനും ആത്മീയ ജീവിതവുമൊക്കെ അത്തരക്കാർക്ക് വിദൂരത്താകും. വെറുതെ ശേഖരിച്ചു വെക്കുന്ന പണം കടലാസ് കെട്ടുകൾ മാത്രമാണ്. നമുക്കും മറ്റുള്ളവർക്കും ഉപകാരപ്പെടാത്തത് വെറും പാഴാണ്. വഴിയിൽ അലഞ്ഞു നടന്നവൻ പട്ടിണി കിടന്ന് മരിച്ചപ്പോൾ നാറിയ ഭാണ്ഡത്തിൽ നിന്നും കണ്ടെടുത്തത് ലക്ഷക്കണക്കിന് രൂപയാണ്. ഭിക്ഷ കിട്ടുന്ന നോട്ടുകൾ ഭാണ്ഡത്തിൽ ശേഖരിക്കുന്ന മനോവിഭ്രാന്തിക്കാ രനായിരുന്നു അയാൾ. പലപ്പോഴും നമ്മുടെയൊക്കെ സ്ഥിതിയും ഇതു തന്നെയല്ലേ? വലിയ സമ്പ ത്തും അതോടൊത്തുള്ള അനർത്ഥങ്ങളു മായി കഴിയുന്നതിനേക്കാൾ മെച്ചം ദൈവഭക്തിയോടെ അല്പം കൊണ്ട് കഴിയുന്നതാണ് (സുഭാഷിതം 15/16). ടോൾസ്റ്റോയുടെ കഥയിൽ പറയുന്ന തുപോലെ നമ്മൾക്ക് ആറടി മണ്ണ് മാത്രം മതി. ബാക്കിയെല്ലാം കാലം കവർന്നെടുക്കും. മരിച്ചു മണ്ണടിഞ്ഞ സമ്പന്നന്മാർ കട്ടിയേറിയ മാർബിൾ - ഗ്രാനൈറ്റ് ഫലകങ്ങൾക്ക് താഴെ ശയിക്കുമ്പോൾ മദർ തെരേസയെ പോലുള്ളവർ ലോകത്തെ നോക്കി പുഞ്ചിരിക്കുകയാണ്. അവർ മരിക്കുന്നില്ല. ഒരു പുഷ്പം പോലെ നന്മയുടെയും സേവനത്തിന്റെയും സ്നേഹത്തിന്റെയും ഒക്കെ സുഗന്ധം പകർന്ന്, ലോകത്തിന് മുഴുവൻ സന്തോഷം പകർന്ന്, അവർ അവ രുടെ ജീവിതം ജീവിതം തുടരുന്നു. അനശ്വരതയിലേക്ക് അവർ നടന്നു കയറിയത് തങ്ങളുടെ നിക്ഷേപം മറ്റുള്ളവരുടെ ജീവിതത്തിൽ നടത്തിയതുകൊണ്ടാണ്.

## നിക്ഷേപിക്കുവാൻ അവസരങ്ങൾ ധാരാളം

നിങ്ങൾക്ക് നിങ്ങളുടെ സമ്പാദ്യം നിക്ഷേപിക്കുവാൻ അവസരങ്ങൾ ധാരാളമുണ്ട്. ബാങ്കും പോസ്റ്റ് ഓഫീസും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനും ഷെയർ മാർക്കറ്റും മ്യൂച്ചൽ ഫണ്ടുകളും സ്വർണവും വസ്തുവും തുടങ്ങി ക്രിപ്റ്റോ കറൻസി വരെ നിക്ഷേപ സാധ്യത കളുടെ വലിയൊരു ലോകം തുറക്കു ന്നുണ്ട്. അതോടൊപ്പം നിക്ഷേപ ങ്ങളുടെ മറവിൽ വലിയ തട്ടിപ്പുകളും നടക്കുന്നതായി നാം അറിയുന്നുണ്ട്. വലിയ ലാഭം പ്രതീക്ഷിച്ച് നിക്ഷേപി ക്കുന്നവരാണ് തട്ടിപ്പുകൾക്ക് ഇരയാ കുന്നത്. 100 ഉം 200 ഉം ശതമാനം ലാഭം പ്രതീക്ഷിച്ചിറങ്ങി കയ്യിലുള്ളത് കൂടി നഷ്ടപ്പെട്ട് , മറ്റുള്ളവരുടെ മുമ്പിൽ പരിഹാസ്യരായി നിൽക്കു ന്നവരെ കണ്ടിട്ടില്ലേ? നന്മയിൽ നിക്ഷേപിച്ചാൽ 1000 ഇരട്ടി തിരിച്ചു കിട്ടും, ഒരിക്കലും ഒരു തട്ടിപ്പിനും നാം ഇരയാകില്ല. ഭക്ഷണത്തിനും മരുന്നിനും വകയില്ലാത്തവരുടെ എണ്ണം കൂടിവരുന്നത് നമ്മുടെ നിക്ഷേപ സാധ്യതയാണ് വർധിപ്പിക്കുന്നത്.

മണി ചെയിൻ മാതൃക തട്ടിപ്പിന് മാത്രമല്ല, നന്മ പ്രവർത്തികൾക്കും ഉപകരിക്കും. അതിനേക്കുറിച്ചുള്ള ഒരു സംഭവം പറഞ്ഞ് അവസാനിപ്പി ക്കാം. എനിക്ക് പരിചയമുള്ള ദമ്പതിമാർ കഴിഞ്ഞ 25 വർഷമായി ചെയ്യുന്ന പ്രധാന നന്മ പ്രവർത്തി കുട്ടികളെ നഴ്സിങ്ങിന് പഠിപ്പിക്കുക എന്നുള്ളതാണ്. ദരിദ്രകുടുംബ ങ്ങളിൽ നിന്നുള്ള ഓരോ കുട്ടികളെ വീതമാണ് പഠിപ്പിക്കുന്നത്. അവർക്ക് ജോലി ആകുമ്പോൾ മറ്റു രണ്ടു പേരെ പഠിപ്പിക്കണം എന്നുള്ള അഭ്യർത്ഥന മാത്രമാണ് പ്രതി ഫലമായി ചോദിക്കുന്നത്. അങ്ങിനെ കഴിഞ്ഞ 25 വർഷം കൊണ്ട് ആ സ്റ്റഡി ചെയിൻ വികസിച്ച് നൂറുകണക്കിന് കുടുംബങ്ങളാണ് രക്ഷപെട്ടത്. അതിന്റെ തുടർച്ചയായി ഒട്ടനവധി കുട്ടികൾ നിലവിൽ പഠനം തുടരുന്നുണ്ട്. ആ മക്കളുടെയെല്ലാം മുടങ്ങാത്ത പ്രാർത്ഥനയും സ് നേഹവുമാണ് ആ ദമ്പതിമാർ തങ്ങളുടെ ഏറ്റവും വലിയ നിക്ഷേ പമായി കരുതുന്നത്. അത് ഒരിക്കലും കള്ളൻമാർ കൊണ്ടുപോവുകയോ, പ്രകൃതി ക്ഷോഭത്തിൽ നഷ് ടപ്പെടുകയോ ഇല്ല. ഇരുട്ട് നിറഞ്ഞ താഴ് വാരത്ത് ഒരു മെഴുകുതിരി കത്തിച്ചാൽ മതി. അത് മറ്റൊന്നി ലേക്ക് പകരും. അങ്ങിനെ രണ്ട് നാലായി, 16 ആയി, ആയിരങ്ങളായി താഴ്വാരം മുഴുവൻ പ്രഭാപൂരി തമാകും. അന്ധ കാരം നിറയുന്ന യാത്രയിൽ നന്മയുടെ ആ വെളിച്ചം അനേകരെ വഴിനടത്തും.....

++++++++

*(മാതൃഭൂമി കൊച്ചി ബ്യൂറോ ചീഫും എഴുത്തുകാരനുമാണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com